**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4697** **29-10-2021 - ൽ മറുപടിയ്ക്ക്**

**തീരനൈപുണ്യ പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരനൈപുണ്യ പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട എത്ര യുവതീയുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടു പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ 1254 യുവതികൾക്ക് തീരനൈപുണ്യ പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ മേഖലകളിലാണ് ഇവർക്ക് പരിശീലനം നൽകിയിട്ടുള്ളത്; ഇപ്രകാരം പരിശീലനം സിദ്ധിച്ചവരിൽ എത്രപേർക്ക് തൊഴിൽനേടുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | തീരനൈപുണ്യ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വവികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കംപ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് പരിശീലനം നൽകി വരുന്നു. ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ 184 യുവതികൾ കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ